# പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 745**

**28.02.2017 -ൽ മറുപടിയ്ക്ക്**

## കാസർകോട് ബീച്ചിൽ ടൂറിസം പദ്ധതികൾ

**ചോദ്യം**
**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**ഉത്തരം**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പ്രകൃതിരമണീയതകൊണ്ടും ടൂറിസം സാധ്യതകൊണ്ടും സവിശേഷത അറിയിക്കുന്ന കാസർകോട് ബീച്ചിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഇതുവരെ പദ്ധതികൾ ആവിഷ്കരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) 2010-ൽ അനുവദിച്ച കാസർഗോഡ് ബീച്ച് വികസന പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കി വരുന്നു. പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഈ പദ്ധതി നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥലം കോസ്റ്റൽ റെഗുലേറ്ററി സോണിന്റെ (CRZ) പരിധിയിൽപ്പെടുന്നതാണ്. |
| (ബി) ഈ ദിശയിൽ ഗൗരവമായ ആലോചന നടത്തി കാസർകോട് ബീച്ചിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | |
| (സി) ജില്ലാ ടൂറിസം അധികൃതർ കാസർകോട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ നടപ്പിലാക്കിയതും നടപ്പിലാക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ? | (സി) അഴിത്തല ടൂറിസം പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ